## പത്രക്കുറിപ്പ്

# മണി എക്സ്ചേഞ്ച് സ്ഥാപന ഉടമയെ മർദ്ദിച്ച് നാലര ലക്ഷം കവർച്ച ചെയ്ത അന്തർസംസ്ഥാന മോഷണ സംഘം പിടിയിൽ

# വയോധികയെ പീഢിപ്പിച്ച യുവാവ് അറസ്റ്റിൽ

തിരുവനന്തപുരം:- തമ്പാനൂരിൽ മണി എക്സ്ചേഞ്ച് സ്ഥാപനയുടമയെ മർദ്ദിച്ച് 4,35,000/- രൂപ കവർച്ച ചെയ്തെടുത്ത മഹാരാഷ്ട്ര സ്വദേശികളായ മൂന്നംഗ സംഘത്തെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. മഹാരാഷ്ട്ര നാസിക് ജില്ലയിൽ വീരസവർക്കർ നഗറിൽ ശശാങ്ക് ശ്യാം പവാർ (29), മഹാരാഷ്ട്ര താനെ ജില്ലയിൽ കല്യാൺ മന്താദിത്താലിയ ഗണപതി മന്ദിർ റോഡ് റീജൻസി സർവത്തിൽ സാഗർ ഗിരീഷ് ചിറ്റ്നിസ് (44), മഹാരാഷ്ട്ര നാസിക് ജില്ലയിൽ വീരസവർക്കർ നഗറിൽ അശ്വിൻ ഷറാദ് കാലെ (25) എന്നിവരെയാണ് തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 30-ന് വൈകിട്ട് തമ്പാനൂർ



തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്ത
ശശാങ്ക് ശ്യാം പവാർ (29), സാഗർ ഗിരീഷ് ചിറ്റ്നിസ് (44) അശ്വിൻ ഷറാദ് കാലെ (25)

മാഞ്ഞാലിക്കുളം റോഡിലുള്ള ക്ലാസിക് സരോവർ ഹോട്ടലിൽ വച്ചാണ് സംഭവം നടന്നത്. പ്രതികൾ ഹോട്ടലിലെ അഞ്ചാം നിലയിലുള്ള സ്യൂട്ട് റൂം വാടകയ്ക്ക് എടുത്ത് മാഞ്ഞാലിക്കുളം റോഡിലെ മണി എക്സ്ചേഞ്ച് സ്ഥാപനം നടത്തുന്ന ഫൈസലിനെ അവിടേയ്ക്ക് വിളിച്ചു വരുത്തുകയായിരുന്നു. ഒന്നാം പ്രതി ശശാങ്ക് ശ്യാം പവാർ ഈ ഹോട്ടലിലെ സ്റ്റാഫ് ആണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് 6,000 ഡോളർ എക്സ്ചേഞ്ച് ചെയ്യാൻ ഇന്ത്യൻ രൂപ കൊണ്ടു വരാൻ ഫോണിൽ ബന്ധപ്പെട്ട് ആവശ്യപ്പെട്ട പ്രകാരമാണ് ഫൈസൽ 4,35,000/- രൂപയുമായി ഹോട്ടൽ റൂമിൽ എത്തിയത്. റൂമിൽ കാത്തിരുന്ന ശശാങ്ക് ശ്യാം പവാർ ഡോളർ റിസപ്ഷനിൽ ഇരിക്കുന്നുവെന്നും, അവിടെ പോയി എടുത്ത് കൊണ്ടു വരാമെന്നും പണം മുൻകൂറായി തരണമെന്നും ആവശ്യപ്പെട്ടു. സംശയം തോന്നിയ ഫൈസൽ ഡോളർ കൊണ്ടു വന്നാലെ പണം തരികയുള്ളൂവെന്ന് പറഞ്ഞസമയം രണ്ടാം പ്രതി സാഗർ ഗിരീഷ് റൂമിൽ കടന്നു വരികയും ഇരുവരും ചേർന്ന് ഫൈസലിനെ മർദ്ദിച്ച് പണം തട്ടിയെടുത്തു കൊണ്ട് ഓടുകയുമായിരുന്നു. തുടർന്ന് പ്രതികൾ നേരത്തെ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ ടാക്സി സ്റ്റാൻഡിൽ നിന്നും കൊല്ലത്തേയ്ക്ക് ഓട്ടം പോകാനെന്ന് പറഞ്ഞ് മൂന്നാം പ്രതി അശ്വിൻ ഷറാദ് കാലെ പിടിച്ചു കൊണ്ട് വന്ന് ഹോട്ടലിലെ പോർട്ടിക്കോയിൽ പാർക്ക് ചെയ്തിരുന്ന ടാക്സി കാറിൽ കയറിപ്പോവുകയുമായിരുന്നു. ഫൈസൽ അറിയിച്ച ഉടനെ തന്നെ സംഭവസ്ഥലത്തെത്തിയ തമ്പാനൂർ പോലീസ് നടത്തിയ അന്വേഷണത്തിൽ ഹോട്ടലിലെ സി.സി.റ്റി.വി-യിൽ നിന്നും ടാക്സി കാർ നമ്പർ മനസ്സിലാക്കുകയും കാർ ഡ്രൈവറുടെ ഫോൺ നമ്പർ കണ്ടുപിടിച്ച് പ്രതികൾ അറിയാതെ ഡ്രൈവറെ

ഫോണിൽ വിളിച്ച് സംഭവം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. പോലീസ് നിർദ്ദേശിച്ചപ്രകാരം ഡ്രൈവർ കല്ലമ്പലം പോലീസ് സ്റ്റേഷന് മുന്നിൽ വണ്ടി നിർത്തിയപ്പോൾ കാറിൽ നിന്നും ഇറങ്ങി ഓടിയ പ്രതികളെ കല്ലമ്പലം പോലീസും നാട്ടുകാരും ചേർന്ന് പിടികൂടുകയായിരുന്നു. തമ്പാനൂർ പോലീസ് സമയോജിതമായി ഇടപെട്ട് നടത്തിയ അന്വേഷണത്തിലാണ് കവർച്ച നടത്തി ഒരു മണിക്കൂറിനുള്ളിൽ തന്നെ പ്രതികളെ പിടികൂടാൻ കഴിഞ്ഞത്. പ്രതികളിൽ നിന്നും മോഷണം ചെയ്തെടുത്ത പണവും പോലീസ് കണ്ടെടുത്തു. പ്രതികൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സമാനമായ നിരവധി കവർച്ചകൾ നടത്തിയിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ഈ സംസ്ഥാനങ്ങളിലെ പോലീസിന് കൈമാറുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു. തമ്പാനൂർ എസ്.എച്ച്.ഒ ബൈജു, എസ്.ഐ-മാരായ സുധീഷ്, വിവേക്, വിമൽ, എസ്.സി.പി.ഒ-മാരായ സഞ്ജു, രാകേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## വയോധികയെ പീഢിപ്പിച്ച യുവാവ് അറസ്റ്റിൽ

തിരുവനന്തപുരം :- എൺപത് വയസ്സുള്ള വയോധികയെ ലൈംഗികമായി പീഢിപ്പിച്ചയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വഴയില സ്വദേശിയായ പ്രമോദ് (35)-നെയാണ് പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 30-



പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത പ്രമോദ് (35)

ന് വൈകിട്ട് 7.00 മണിയ്ക്ക് വയോധികയുടെ വീട്ടിൽ വച്ചാണ് പ്രതി പീഢിപ്പിച്ചത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ പേരൂർക്കട പോലീസ് ഇൻസ്പെക്ടർ സൈജുനാഥിന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ സുനിൽ, സഞ്ജു ജോസഫ്, ജയേഷ്, മോനിഷ്, എ.എസ്.ഐ അനിക്കുട്ടൻ നായർ, സി.പി.ഒ-മാരായ അനൂപ്, രജനി കുമാരി എന്നിവരടങ്ങിയ പോലീസ് സംഘമാണ് പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
01-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി